LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം വിഭാഗം

*903. [1286] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം (ഓർഗനൈസേഷനും മെതേഡ്സും) വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണ് ;

(ബി) ഈ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്നും അവരുടെ ശമ്പളസ്കെയിൽ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം ഒരു അധികപ്പറ്റാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ, ബി) വിശദവിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്*.

(സി) ഇല്ല.

വനങ്ങളിൽനിന്നുമുള്ള തടി മോഷണം

*904. [1288] ശ്രീ. കെ. ഐ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

വനങ്ങളിൽനിന്നുള്ള തടിമോഷണം തടയുവാൻ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ:)

വനങ്ങളിൽനിന്നും തടി മോഷ്ടിക്കുന്നതു കണ്ടുപിടിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഫ്ളയിംഗ് സ്കാഡിനെ നിയമിച്ചിട്ടുണ്ട്. ഓരോ ഡിവിഷനിലുള്ള ഫ്ളയിംഗ് സ്കാഡ് അതാതു ഡിവിഷനിലെ തടി മോഷണം തടയുവാൻ ഫലപ്രദമായ നടപടികളെടുക്കുന്നുണ്ട്. കൂടാതെ പരാതികൾ കിട്ടുമ്പോൾ ഗവൺമെന്റുതന്നെ അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

വളം സബ്സിഡിയും, പമ്പുസെറ്റ് സബ്സിഡിയും

*905 [1291] ശ്രീ. കെ. സി. സഖറിയ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

നിറുത്തൽ ചെയ്യപ്പെട്ട വളം സബ്സിഡിയും പമ്പുസെറ്റ് സബ്സിഡിയും, കർഷകരുടെ രക്ഷയേയും, കൃഷിക്കാരുടെ അഭിവൃദ്ധിയേയും മുൻനിറുത്തി, പുനഃസ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

ഇല്ല.

തൊഴിലില്ലായ്മ

*906. [1293] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരുടെയും സാങ്കേതിക പരിശീലനം നേടിയവരുടെയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വല്ല പദ്ധതിയും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

* Appendix—I

(ബി) തൊഴിലില്ലാത്തവരായി ഓരോ വിഭാഗത്തിലും എത്രപേർ ഉണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ ;

(ഡി) വിവരം ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) :

(എ) വ്യവസായവൽക്കരണ പദ്ധതികൊണ്ട് മാത്രമാണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാവുന്നത്. പുതിയ വ്യവസായങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഗവൺമെൻറ് ആകുംവിധം ശ്രമിക്കുന്നുണ്ട്.

(ബി) & (സി) പ്രത്യേകമായി വിവരങ്ങൾ ശേഖരിച്ചിട്ടില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ തരം തിരിച്ചുള്ള കണക്കുകൾ താഴെ പറയും പ്രകാരമാണ്.

മെട്രിക്കുലേറേഷൻ	98488
ഇൻറർമീഡിയറേറ്റ്	3895
ഗ്രാജ്വേറേറ്റ്—ടെക്നിക്കൽ	1550
നോൺ ടി	6710
പോസ്റ്റ്ഗ്രാഡുവേറേറ്റ് ടെക്നിക്കൽ	60
നോൺ ടി	1108
ഐ. ടി. ഐ സർട്ടിഫിക്കേറ്റ് ഹോൾഡേർസ്	6008
ഡിപ്ലോമാ ഹോൾഡേർസ്	1993

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഉദ്യോഗസ്ഥൻമാരെപ്പറ്റി അന്വേഷണം

* 907. [1295] ശ്രീ. കെ. പി. രാഘവപൊതുവാൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥൻമാരെപ്പറ്റി ഉണ്ടാകുന്ന ആക്ഷേപങ്ങൾ അന്വേഷിക്കുവാൻ ഒരു പ്രത്യേക വിഭാഗം സംഘടിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

നിലവിലുള്ള ഏർപ്പാടുകൾ പര്യാപ്തമാണെന്നു കരുതുന്നതിനാൽ ഒരു പ്രത്യേക വിഭാഗംകൂടി സംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ഉപതിരഞ്ഞെടുപ്പുകൾ

* 908. [1297] ശ്രീ. കെ. ടി. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാന നിയമസഭയിലേയ്ക്ക് ഒഴിവു വന്നിട്ടുള്ള സീറ്റുകളിലെ ഉപതിരഞ്ഞെടുപ്പുകൾ എന്നത്തേയ്ക്ക് നടത്തുവാൻ കഴിയുമെന്ന് പ്രസ്താവിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly